# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.811** — **08/01/2014-ൽ മറുപടിക്ക്**

## മരുന്നുകളുടെ സൗജന്യ വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എല്ലാ മരുന്നുകളും സൗജന്യമായി രോഗികൾക്ക് വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച്, സർക്കാർ ആശുപത്രികളിലൂടെ സാധാരണയായി നൽകി വന്നിരുന്ന ജീവൻരക്ഷാ ഔഷധങ്ങൾ ഉൾപ്പെടെയുള്ള അവശ്യമരുന്നുകൾക്കു പുറമെ രോഗികൾ സർവ്വസാധാരണയായി ഉപയോഗിക്കുന്ന മരുന്നുകൾ കൂടി ഉൾപ്പെടുത്തി അതു ജനറിക് നാമത്തിൽ സംഭരിച്ചു നൽകുന്നതിനായി കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ സമീപിക്കുന്ന ആദായ നികുതി അടയ്ക്കുന്നവർ ഒഴികെയുള്ള എല്ലാ വിഭാഗം രോഗികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.<br>പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടം സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജനറൽ ആശുപത്രികളിലും 2012 നവംബർ 1 ന് ആരംഭിച്ചു. പ്രാഥമികാരോഗ്യകേന്ദ്രം വരെ വ്യാപിപ്പിച്ചുകൊണ്ടുള്ള ഈ പദ്ധതിയുടെ രണ്ടാം ഘട്ടം 2013 ഒക്ടോബർ 2 ന് ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (ബി) | ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ മാത്രം ആശ്രയിക്കുന്ന സംസ്ഥാനത്തെ പാവപ്പെട്ട രോഗികൾക്ക് അവശ്യമരുന്നു പട്ടികയിൽ ഉൾപ്പെട്ട മരുന്നുകൾക്കു പുറമെ പുറത്തേയ്ക്ക് കുറിപ്പു നൽകുന്ന, സർവ്വസാധാരണയായി ഉപയോഗിക്കുന്ന മരുന്നുകൾ കൂടി സൗജന്യമായി നൽകുവാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആദായ നികുതി അടയ്ക്കുന്നവർ ഒഴികെയുള്ള എല്ലാ വിഭാഗം രോഗികൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടു കൂടിയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്; വ്യക്തമാക്കാമോ; | (സി) | പദ്ധതിയ്ക്കാവശ്യമായ മരുന്നുകൾ ജനറിക് നാമത്തിൽ സംഭരിക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനാവശ്യമായ തുക സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവിൽ 1% സെസ്സ് ചുമത്തി ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ഡി) | എന്തെല്ലാം കേന്ദ്ര സഹായമാണ് പ്രസ്തുത പദ്ധതിയ്ക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | (ഡി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കേന്ദ്ര സഹായം ഒന്നും തന്നെ ഇതുവരെ ലഭ്യമായിട്ടില്ല. |
| (ഇ) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടി, സ്വീകരിച്ചിട്ട്; വ്യക്തമാക്കാമോ? | (ഇ) | കേരള സർക്കാരിന്റെ 07/06/2012 ലെ സ.ഉ. (കൈ) നം. 170/2012/ആ.കു.വ, 30/06/2012 ലെ സ.ഉ.(കൈ) നം. 200/2012/ആ.കു.വ എന്നീ ഉത്തരവുകൾ പ്രകാരമാണ് ഈ പദ്ധതി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നത്. മരുന്ന് സംഭരണത്തിനാവശ്യമായ തുക സർക്കാർ KMSCL-ന് ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ